# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3885 19.03.2018-ൽ മറുപടിക്ക്**

**സ്കൂളുകളിലെ നൈപുണ്യവികസനത്തിന് സമഗ്രസംവിധാനം**

| ചോദ്യം | | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | പ്രൊഫ: സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സ്കൂളുകളിലെ നൈപുണ്യവികസനത്തിന് സമഗ്രസംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്.ക്യൂ.എഫ് (NSQF) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിലും എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ് ക്യൂ.എഫ് അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 22.11.2017-ൽ കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ നിർദ്ദേശങ്ങളിൽ VHSE ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | അസാപ്പിന് (എ.എസ്.എ.പി ) കീഴിലുള്ള സ്കിൽ പാർക്കുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കുമോ; | ബി) | അസാപ്പിന് കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ 9 സ്കിൽ പാർക്കുകളാണ് ഈ വർഷം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) | അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലത്തിലും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തെ 110 നിയോജക മണ്ഡലങ്ങളിൽ അസാപ്പിന്റെ സ്കിൽ ഡവലപ്പ്മെൻറ് സെൻററുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിൽ സ്കിൽ ഡവലപ്പ്മെൻറ് സെൻററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ